സംഘങ്ങൾ, ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, (എൻ.ബി.സി.എഫ്.ഡി.സി.) ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, (എൻ.എം.ഡി.എഫ്.സി.)മത്സ്യത്തൊഴിലാളി വികസന ക്ഷേമ സംഘങ്ങളുടെ തനത് ഫണ്ട് എന്നീ സാമ്പത്തിക സ്രോതസ്സുകളുമായി ബന്ധപ്പെട്ട കടങ്ങളിൻന്മേലുള്ള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശ എത്രയും വേഗം സമർപ്പിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരികയാണ്. അതിനുശേഷം അവശേഷിപ്പിക്കുന്ന കടങ്ങളും കടാശ്വാസത്തിനായി പരിഗണിക്കുന്നതാണ്. ഇവ സംബന്ധിച്ച റിപ്പോർട്ടുകൾ കമ്മീഷനിൽനിന്ന് ലഭിച്ചുകഴിഞ്ഞാലുടൻ അവയിന്മേൽ സർക്കാർ തീർപ്പെടുക്കുന്നതാണ്.

മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന്റെ പ്രവർത്തനം

186 (6104) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചു;

(ബി) കടാശ്വാസ കമ്മീഷൻ ശുപാർശയനുസരിച്ച് മത്സ്യഫെഡ് സർക്കാരിലേക്കു നൽകാനുള്ള കടം എത്രത്തോളം എഴുതിത്തള്ളിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ഭരണപരമായ പ്രവർത്തനത്തിനായി നാളിതുവരെ 1,02,32,355 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മത്സ്യഫെഡിൽ നിന്നും എൻ.സി.ഡി.സി പദ്ധതി വായ്പകളിന്മേൽ സർക്കാരിലേക്ക് 31-3-2009 വരെ അടയ്ക്കാനുള്ള വായ്പാ കുടിശ്ശിക 101,88,33,110 രൂപയായിരുന്നു. ഇതിൽ 60,37,35,168 രൂപ എഴുതിത്തള്ളുകയും ബാക്കി 41,50,79,942 രൂപ മത്സ്യഫെഡിന്റെ ഓഹരിയായി മാറ്റുകയും ചെയ്തിട്ടുണ്ട്.

പീലിംഗ് തൊഴിലാളികളുടെ ക്ഷേമം

187 (6105) ശ്രീ. എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചുവോ; പ്രധാന നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly